# 'ഭീകരവാദി'ക്കും പറയാനുണ്ട് ചിലത്

ഇ.കെ മുഹമ്മദ് ഫാറൂഖ് ചേളന്നൂർ

പിന്നെ അവർ
എന്നെ തേടിയും വന്നു.
പ്രതികരിക്കാൻ കഴിയാത്തവിധം
എന്റെ ചൂണ്ടുവിരലും
അവർ മുറിച്ചെടുത്തിരുന്നു
*** *** ***
എനിക്കുമുണ്ടായിരുന്നൊ-
രുബാല്യം
ഉമ്മയുടെ മടിയിൽ
തലചായ്ച്ചുറങ്ങിയ
അക്ഷരക്കൂട്ടങ്ങളിൽ
വളരാൻ തുടങ്ങിയ
പാഠപുസ്തകങ്ങളിലെ
കുട്ടിക്കാലം.
പഠിച്ചതെല്ലാം
മനുഷ്യനെ കുറിച്ചായിരുന്നു.
നിറവാർന്ന
മനുഷ്യസ്നേഹത്തെക്കുറിച്ച്.
*** *** ***
ഇന്നിവിടെ
ഈ അഴികളിൽ
ഞാനൊരു ഭീകരവാദിയാണ്.
ഹൃദയത്തിലുരുവിടും ബാങ്കുകൾ



അയൽക്കാരനെ വെട്ടിനുറുക്കും-
മന്ത്രങ്ങളായ് മാറ്റുന്നവൻ
ചിന്തകളെ നയിക്കും സൂക്തങ്ങൾ
സുഹൃത്തിൻ കഴുത്തിൽ
കഠാരയായ് ആഴ്ത്തുന്നവൻ.
നീട്ടിവളർത്തും താടിയിലും അറബിപ്പേരിലും
നെറ്റിയിൽ മിന്നും നിസ്കാരത്തഴമ്പിലും
സമൂഹമളക്കപ്പെടും കാലം.
മാപ്പിളപ്പാട്ടിലും ഗസലിലും
ഒപ്പന തൻ ചുവടിലും
കത്തിയും ബോംബും
നിറയും നേരം.
നെഞ്ചിൽ തിളയ്ക്കുന്നത്
നുരയായ് പതയ്ക്കും രക്തമല്ല-
ഒരിറ്റു കണ്ണുനീരാണ്-
അയൽക്കാരന്റെ
ഒട്ടിയവയറിൽ സുഖിക്കുന്നവൻ
നിഷേധിയെന്നോതിയ
തത്ത്വങ്ങൾ
മഴയായ് പതിക്കുകയാണിവിടെ.
ഇനിയും തളരാതെ
നില്ക്കുമീ വഴികളിൽ.
വഴികാട്ടിയായീ
ഗ്രന്ഥമുള്ളത്രയും

# ത്യാഗി

അബ്ദുൽമജീദ് വേളം

സ്വയമുരുകി മരിച്ചുകൊ-
ണ്ടന്യർക്കു പ്രകാശമേകാൻ
നിനക്കെന്തുതിടുക്കം.
തലയുയർത്തി സൂര്യകിരണങ്ങളെ
സ്വയമാവാഹിച്ച്
അന്യർക്ക് തണലേകാൻ
നിനക്കെന്തൊരാവേശം.
എങ്കിലും
ശീതീകരിച്ച മുറികളിലിരുന്ന്



അന്യന്റെ സുഖങ്ങളെ
കവർന്നെടുക്കുവാൻ
എനിക്കുള്ളത്ര ത്യാഗസന്നദ്ധതയും
ആത്മാർഥതയും
നിങ്ങൾക്കിരുവർക്കുമില്ല.
നിങ്ങളിരുവരേക്കാൾ
ഞാനെത്ര മഹാത്യാഗി!